# ക്നാനായ യുവജനോത്സവം- 2011
## നിർദ്ദേശങ്ങളും നിബന്ധനകളും

1. യുവജനോത്സവം - 2011 ന്റെ അംഗീകൃത രജിസ്ട്രേഷൻ ഫോറത്തിൽ 2011 സെപ്റ്റംബർ 24 നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൾ ഉൾപ്പെടുത്തുകയുള്ളൂ. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാകയാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തുകൊണ്ട് എല്ലാവരും സഹകരിക്കുക.
2. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസിന്റെ പേരിലുള്ള ചെക്കായി സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 8 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 8 ഡോളർ വീതം നൽകേണ്ടതാണ്.
4. പുഞ്ചിരി മത്സരത്തിന് 5 ഡോളർ മാത്രമായിരിക്കും ഫീസ്.
5. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
6. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ.ജി. 4), ജൂണിയർ (5-8), സീനിയർ (9-12) എന്നീ 3 വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.
7. സെക്ഷൻ എ -നൃത്തം, സെക്ഷൻ ബി - നൃത്തേതരം, സെക്ഷൻ സി ഗ്രൂപ്പ് എന്നിങ്ങനെ 3 വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്ന. കലാതിലകം, കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ സെക്ഷൻ എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ കരസ്ഥമാക്കിയിരിക്കണം. ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സ്ഥാനത്തേക്ക് തുല്യമാർക്ക് വന്നാൽ അവരുടെ സെക്ഷൻ സി യിലെ സമ്മനനിലയും പോയിന്റും പരിഗണിക്കുന്നതാണ്. സെക്ഷൻ എ യിലും സെക്ഷൻ ബി യിലും സമ്മാനങ്ങൾ ലഭിക്കാത്തവർ ഉണ്ടാകുന്ന സാഹചര്യത്തിൽ സിംഗിൾ ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്നവരെ മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതാണ്.
8. ഏതെങ്കിലും മത്സര ഇനത്തിൽ മൂന്നിൽ കുറവ് മത്സരാർത്ഥികളാണുള്ളതെങ്കിൽ, അവർ മത്സരത്തിൽ പങ്കെടുക്കേണ്ടതും അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഗ്രേഡ് ചെയ്യുന്നതുമായിരിക്കും. എ ഗ്രേഡ് (85-100%), ബി ഗ്രേഡ് (75-84%), സി ഗ്രേഡ് (65-74%). എ ഗ്രേഡിന് 5 പോയിന്റും, ബി ഗ്രേഡിന് 3 പോയിന്റും, സി ഗ്രേഡിന് 1 പോയിന്റും വ്യക്തിഗത ഇനങ്ങളിൽ ലഭിക്കുന്നതാണ്.
9. 1, 2, 3 സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5, 3, 1 എന്നീ ക്രമത്തിൽ പോയിന്റ് നൽകുന്നതാണ്.
10. ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരും ഗ്രേഡും രജിസ്ട്രേഷൻ സമയത്ത് തന്നെ നൽകേണ്ടതാണ്.
11. 1, 2 സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. മൂന്നാംസ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒരിനങ്ങളിലും ട്രോഫി ലഭിക്കാത്തവർക്ക് പാർട്ടിസിപ്പേഷൻ ട്രോഫി നൽകുന്നതാണ്.
12. മത്സരങ്ങളിലെ ക്രമം, വേദി മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റം വരുത്തുന്നതിനുള്ള അധികാരം യുവജനോത്സവ കമ്മറ്റിക്കായിരിക്കും.
13. മത്സരദിവസം തന്നെ, ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേര് വിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്. ജഡ്ജിമാർ ഇൻഷ്യൽ ചെയ്ത മാർക്ക് വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.
14. മത്സര വിധിനിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവ കമ്മറ്റിയെ, മത്സരം നടന്ന് 24 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്സ് നമ്പർ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ്പ് ഡസ്ക്കിൽ നിന്നും കളക്ട് ചെയ്യേണ്ടതാണ്. Tentative Time Shedule രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് കെ.സി.എസ്. നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.
16. ഫാൻസി ഡ്രസ്സ് മത്സരത്തിൽ പശ്ചാത്തല ശബ്ദം അനുവദനീയമല്ല. മത്സരാർത്ഥികൾക്ക് കഥാപാത്രത്തിന് അനുയോജ്യമായ സംഭാഷണം സ്റ്റേജിൽ വരുത്താവുന്നതാണ്.
17. രജിസ്ട്രേഷൻ ഫോറം ലഭിക്കുന്ന മുറയ്ക്ക് ഇ-മെയിൽ അക്നോളജ്മെന്റ് അയയ്ക്കുന്നതാണ്. പോസ്റ്റിൽ രജിസ്ട്രേഷൻ ഫോം അയയ്ക്കുന്നവർ അത് ലഭിച്ചു എന്ന് ഇ-മെയിലിലൂടെ ഉറപ്പുവരുത്തേണ്ടതാണ്.

# KNANAYA YUVAJANOTSAVAM

**Conducted by Chicago KCS, 5110, N.Elston Ave, Chicago IL**
**Saturday October 1, 2011**

## REGISTRATION FORM

Last Name..........................................................................................................................................

First Name...................................................................Family Name.....................................................................

Address..........................................................................................................................................

City.............................................................................. Zin Code.................................................................

Paren’ts Name.........................................................................................................................................

Tel:.............................................................................. Date of Birth.......................... Grade..............................

E-mail:..........................................................................................................................................

**Category** ☐ Sub Junior (KG-4) ☐ Junior (5-8) ☐ Senior 9-12)

### SECTION A നൃത്തവിഭാഗം

| | | |
|---|---|---|
| ☐ Folk Dance 5 Min | ☐ Clasical Dance 10 Min | ☐ Western Dance 5 Min |
| ☐ Cinematic Dance 5 Min | ☐ Fusion Dance 10 Min | |

### SECTION B നൃത്തേതരവിഭാഗം

| | | |
|---|---|---|
| ☐ Elocution (Malayalam) 5 Min | ☐ Elocution (English) 5 Min | ☐ Light Music (Malayalam) 5 Min |
| ☐ Light Music (Eng) 5 Min | ☐ Film (Mal) 5 Min | ☐ Classical Music 10 Min |
| ☐ Instrument Music 5 Min | ☐ Spelling Bee | ☐ Pencil Drawing 30 Min |
| ☐ Colour Painting 30 Min | ☐ Purathanapattu 5 Min | ☐ Fancy Dress 3 Min |

### SECTION C GROUP ITEMS

| | | |
|---|---|---|
| ☐ Classical Dance 10 Min | ☐ Cinematic Dance 5 Min | ☐ Western Dance 5 Min |
| ☐ Folk Dance 5 Min | ☐ Fusion Dance 10 Min | ☐ Margamkali 5Min |
| ☐ Purathanapattu 5 Min | ☐ Group Song (Mal) 5 Min | ☐ Group Song (Eng) 5 Min |
| ☐ Fancy Dress 3 Min | | |

**Participants of Group Item (Enter School Grade in Brackets)**

Team Leader.................................................................................. 2..................................................................................

3.......................................................................................... 4..................................................................................

5.......................................................................................... 6..................................................................................

7.......................................................................................... 8..................................................................................

9.......................................................................................... 10................................................................................

## SMILING COMPETTION (PRE SCHOOL AND UNDER)

Registration Fee $8.00 Per Head Per Item ($5.00 for smiling competition)

**Submit/Mail forms along with checks payable to Chicago KCS**

**Roy Chelamalayil, 5115 N. Spring Field Ave, Unit - B**
**Chicago- IL - 60625**
**E-mail:roychelamalayil@yahoo.com. Ph: 773 319 6279**